
## അധ്യായം 5

# മണിയങ്ങാട്ട് കല്ലൂർകുളത്ത് കുടുംബം



ചാണ്ടി



അന്ന

**മ**ണിയങ്ങാട്ട് പടിപ്പുരയ്ക്കൽ വീട്ടിൽ താമസിച്ചിരുന്ന ചാണ്ടിയുടെ രണ്ടാമത്തെ പുത്രനും മണിയങ്ങാട്ടുനിരപ്പേൽ (മണിയങ്ങാട്ടുകുന്നുംപുറം) വീട്ടിലേക്കു മാറിത്താമസിച്ച കുടുംബനാഥനുമായ ലൂക്കാ ചേർപ്പുങ്കൽചിറവേലിൽ മാത്യുവിന്റെയും അന്നയുടെയും മകളായ അന്നയെ സ്വകുടുംബിനിയായി വരിച്ചു. കുടുംബാംഗങ്ങളായ ഔസേപ്പ്, വർക്കി, മാത്യു എന്നിവരുടെ മൂത്ത സഹോദരിയും, കുമ്മണ്ണൂർ കളപ്പുരയ്ക്കൽ തൊമ്മന്റെ ഭാര്യ മറിയത്തിന്റെയും, അതിരമ്പുഴ മുള്ളൻവരിക്കയിൽ ചാണ്ടിയുടെ ഭാര്യ റോസമ്മയുടെയും, കൊല്ലപ്പള്ളിൽ ഉപ്പുമാക്കൽ ഔസേപ്പിന്റെ ഭാര്യ അന്നയുടെയും, നെടുമ്പുറത്ത് ഔസേപ്പിന്റെ ഭാര്യ കത്രിയുടെയും ഇടമറ്റത്ത് ഇലഞ്ഞിമറ്റത്തിൽ മത്തന്റെ ഭാര്യ ഏലിയുടെയും കൊഴുവനാൽ പന്തലാനിക്കൽ അവിരാ ഭാര്യ ത്രേസ്യായുടെയും മൂത്തസഹോദരിയാണ് പ്രസ്തുത അന്ന.

ലൂക്കാ-അന്ന ദമ്പതികൾക്ക് ചാണ്ടി, ജോസഫ്, തൊമ്മൻ, ലൂക്കാ, വർക്കി മത്തായി, കുര്യൻ എന്നീ ഏഴു പുത്രന്മാരും അന്ന, ഏലി, മറിയം, റോസ എന്ന നാലുപുത്രിമാരും ജാതരായി.

ലൂക്കാ-അന്ന ദമ്പതികളുടെ മൂത്തപുത്രി അന്നയെ കൊഴുവനാൽ തെക്കേമുറിയിൽ മാണി പാണിഗ്രഹണം ചെയ്തു. തകടിയേൽ പുരയിടത്തിലേക്കു മാറിത്താമസിച്ച ഈ കുടുംബം തകടിയേൽകുടുംബം എന്ന പേരിലാണ് അറിയപ്പെടുന്നത്.

തകടിയേൽ മാണി - അന്ന ദമ്പതികൾക്ക് മത്തായി, ലൂക്കാ, മാണി, ഔസേപ്പ്, അബ്രാഹം എന്ന അഞ്ചുപുത്രന്മാരും അന്ന, മറിയം, ഏലി, ഒറോത എന്ന നാലുപുത്രിമാരും ജനിച്ചു.

മൂത്തമകൾ അന്നയെ ചെറുകരക്കുന്നേൽ കുടുംബത്തിലും മറിയത്തെ പന്തത്തല കൊറ്റനാലും മൂന്നാമത്തെ മകൾ ഏലിയെ മരങ്ങാട്ടുപിള്ളി പൂവത്തിങ്കലും ഇളയമകൾ ഒറോതയെ മുത്തോലി തൊടുകയിലും വിവാഹം കഴിച്ചയച്ചു.

ആൺമക്കളിൽ ഇളയപുത്രനായ അബ്രാഹം തകടിയേൽ, പൗരോഹിത്യം സ്വീകരിച്ചു.

ചങ്ങനാശ്ശേരി അതിരൂപതയിൽപെട്ട പല പള്ളികളിലും സേവനം അനുഷ്ഠിച്ചശേഷം പാദുവാപ്പള്ളി വികാരിയായി ഇടവകശുശ്രൂഷ നിർവഹിച്ചുവരവെ 1968 ഒക്ടോബർ 21-ാം തീയതി കർത്താവിൽ നിദ്രപ്രാപിക്കുകയും മൂഴൂർ പള്ളിയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ മൃതദേഹം സംസ്കരിക്കുകയും ചെയ്തു.

ലൂക്കാ - അന്ന ദമ്പതികളുടെ രണ്ടാമത്തെ മകൾ ഏലിയെ കൊഴുവനാൽ പൊന്നുംപുരയിടത്തിൽ കുടുംബത്തിൽ ചെറിയതു മറിയം മകൻ അവിരാ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് സ്കറിയാ എന്ന പുത്രനും അഞ്ചു പുത്രിമാരും ഉണ്ടായി.

മൂത്തപുത്രി മറിയാമ്മയെ കരിക്കാട്ടൂർ മണ്ണനാലും രണ്ടാമത്തെ മകൾ കുഞ്ഞന്നയെ കോടിക്കുളം ആലയ്ക്കാപ്പള്ളിയിലും മൂന്നാമത്തെ മകൾ റോസയെ മയിലാടിയിലും നാലാമത്തെ മകൾ ത്രേസ്യായെ അയർക്കുന്നം വെട്ടുവയലിലും അഞ്ചാമത്തെ പുത്രി മോനിക്കയെ കെഴുവങ്കുളം പല്ലാട്ടുകുടുംബത്തിലും വിവാഹം ചെയ്തുവിട്ടു.

ലൂക്കാ - അന്ന ദമ്പതികളുടെ മൂന്നാമത്തെ മകൾ മറിയം പുവരണി ഈറ്റത്തോട്ടു മത്തായി ഏലി മകൻ തൊമ്മന്റെ കുടുംബിനി

യായി. - മത്തായി, ലൂക്കാ, തൊമ്മൻ, ഔസേപ്പ്, ദേവസ്യാ, വർക്കി എന്നീ ആറുപുത്രൻമാർ ഇവർക്കുണ്ടായി.

ലൂക്കാ - അന്ന ദമ്പതികളുടെ നാലാമത്തെ മകൾ റോസയെ കൊങ്ങാണ്ടൂർ വാതപ്പള്ളിൽ തൊമ്മന്റെ മകൻ തൊമ്മൻ വിവാഹം ചെയ്തു. ഈ വിവാഹബന്ധത്തിൽ തൊമ്മൻ (കുഞ്ഞച്ചൻ) ലൂക്കാ, സ്കറിയാ, കുര്യൻ, മത്തായി എന്നീ പുത്രന്മാരും ഏലി, കുഞ്ഞന്ന എന്നീ രണ്ടു പുത്രിമാരും ജനിച്ചു.

മൂത്തമകൾ ഏലിയെ കൊഴുവനാൽ ചൂരയ്ക്കൽ ഔതയും രണ്ടാമത്തെ മകൾ കുഞ്ഞന്നയെ മുത്തോലി മണ്ണക്കുശുമ്പിൽ കുടുംബത്തിലും വിവാഹം കഴിച്ചു.

## ലൂക്കാ ചാണ്ടി കല്ലൂർക്കുളം



ലൂക്കാ ചാണ്ടി



അന്നമ്മ ലൂക്കാ

മണിയങ്ങാട്ടുകുന്നുപുറത്തു ലൂക്കാ-അന്ന ദമ്പതികളുടെ മൂത്ത പുത്രൻ ചാണ്ടി 1855-ൽ ഭൂജാതനായി. പ്രായപൂർത്തിയായ മുറയ്ക്ക് കാഞ്ഞിരമറ്റം ഉതിരക്കുളം കുടുംബത്തിൽ നിന്നു വിവാഹം കഴിച്ച ആ സ്ത്രീ സന്താനരഹിതയായി അകാലചരമം പ്രാപിച്ചതിനെത്തുടർന്ന് ചിറക്കടവ് കല്ലംപ്ലാക്കൽ കുടുംബത്തിൽ നിന്ന് അന്നയെന്ന യുവതിയെ പുനർവിവാഹം ചെയ്തു. 1888 - ൽ ലൂക്കാ എന്ന മകൻ ജനിച്ചു. അധികം താമസിയാതെ രണ്ടാംഭാര്യയും മരിച്ചു. പിന്നീട് തോണക്കര കുടുംബത്തിൽ നിന്നു മൂന്നാമതൊരു വധുവിനെ സ്വീകരിച്ചു. ചാണ്ടിയും കുടുംബവും തറവാട്ടിൽ നിന്നുമാറി കല്ലൂർക്കുളം ചെമ്മുക്കിമാക്കൽ പുരയിടത്തിൽ താമസമാക്കി.

ഏക മകൻ ലൂക്കായും വിവാഹപ്രായമായപ്പോൾ കൊഴുവ നാൽ ആനിക്കൽ കുടുംബത്തിൽ നിന്ന് അന്നയെന്ന യുവതിയെ ജീവിതപങ്കാളിയാക്കി. ലൂക്കാ അന്ന ദമ്പതികൾക്ക് മറിയക്കുട്ടി ഏലി ക്കുട്ടി, അന്നക്കുട്ടി, ത്രേസ്യാമ്മ, അലക്സാണ്ടർ, തോമസ് എന്നീ സന്താനങ്ങൾ ജനിച്ചു. ഈ കുടുംബം കൈപ്പക്കൽ പുരയിടത്തി ലേക്കു മാറിത്താമസിച്ചു.

പിതാവ് ലൂക്കാ 68-ാ മത്തെ വയസ്സിൽ 1955 ലും മാതാവ് അന്ന 93-ാം വയസ്സിൽ 1983 ജൂൺ 10-ാം തീയതിയും അന്തരിച്ചു.

ലൂക്കാ - അന്ന ദമ്പതികളുടെ മൂത്തപുത്രി മറിയക്കുട്ടിയെ എലിക്കുളം വെമ്പാലയിൽ കുര്യൻ മകൻ ജോസഫ് ജീവിതപങ്കാ ളിയാക്കി. ഈ ദമ്പതികൾക്ക് പത്തു സന്താനങ്ങൾ ജാതരായി. ഇവരിൽ മൂത്തവനായ കുര്യൻ ചിറക്കടവ് താന്നിവേലിൽ കുടും ബാംഗമായ മേരിയെ പരിണയിച്ചു. കുര്യൻ - മേരി മാർക്ക് ജോസ്, ഗ്രേസി, മേരി എന്ന മൂന്നുമക്കൾ.

മറിയക്കുട്ടി - ജോസഫ് ദമ്പതിമാരുടെ രണ്ടാമത്തെ സന്താന മായ റോസമ്മ - കുറുപ്പന്തറ തേക്കുംകാലായിൽ ലൂക്കായുടെ സഹ ധർമ്മിണിയായി. ഈ ദമ്പതികൾക്ക് നാലുപുത്രന്മാരുണ്ട്.

മറിയക്കുട്ടി- ജോസഫ് ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ ചിന്നമ്മയെ ചേനപ്പാടിയിൽ മത്തായി - മറിയം ദമ്പ തികളുടെ മകൻ ജോസഫ് വിവാഹം കഴിച്ചു. ഇവർക്ക് നാൻസി എന്നൊരു മകളുണ്ട്.

മറിയക്കുട്ടി - ജോസഫ് ദമ്പതികളുടെ നാലാമത്തെ സന്താന മായ ലൂക്കാ എരുമേലിൽ കുമ്പളന്താനത്തു കുടുംബത്തിൽ നിന്ന് റോസമ്മയെ ജീവിതസഖിയാക്കി. ഇവർക്ക് മൂന്നുപുത്രന്മാരാണു ള്ളത്.

മറിയക്കുട്ടി - ജോസഫുമാരുടെ അഞ്ചാമത്തെ സന്താനമായ അമ്മിണിയെ പഴയിടം താന്നിവേലിൽ അബ്രഹം - അന്ന മകൻ റോക്കി പരിണയിച്ചു. ഈ ദമ്പതികൾക്ക് മൂന്നു പുത്രന്മാരും ഒരു പുത്രിയും ഉണ്ട്.

മറിയക്കുട്ടി - ജോസഫ് ദമ്പതി മാരുടെ ആറാമത്തെ സന്താന മായ ഏലിയെ മുക്കൂട്ടുതറ ചെറുവള്ളിയിൽ തങ്കച്ചൻ വിവാഹം ചെയ്തു. ഇവർക്കു ഒരു മകനുണ്ട്.

മറിയക്കുട്ടി - ജോസഫ് ദമ്പതികളുടെ ഏഴാമത്തെ സന്താന മായ തെയ്യാമ്മയെ ചങ്ങനാശ്ശേരി കടവിൽ വീട്ടിൽ വർക്കി വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടുപുത്രന്മാരുണ്ട്.

മറിയക്കുട്ടി - ജോസഫ് ദമ്പതികളുടെ എട്ടാമത്തെ സന്താന മായ റീത്താമ്മയെ മണിപ്പുഴ കുന്നയ്ക്കാട്ടു ജോയി പാണിഗ്രഹണം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടുപുത്രന്മാരുണ്ട്.

മറിയക്കുട്ടി - ജോസഫ് ദമ്പതികളുടെ ഒൻപതാമത്തെ സന്താ നമായ സൂസമ്മ മൂലക്കയം കൊന്നത്തുകുടുംബാംഗമായ രാജുവിന്റെ കുടുംബിനിയായി. സൂസമ്മ - രാജു ദമ്പതികൾക്കും രണ്ടുപുത്ര ന്മാരാണുള്ളത്.

മറിയക്കുട്ടി - ജോസഫ് ദമ്പതികളുടെ പത്താമത്തെ സന്താന മായ സെലീനാമ്മയെ അരുവിത്തുറ കോക്കാട്ടു വീട്ടിൽ രാജു സ്വകു ടുംബിനിയാക്കി - ഈ ദമ്പതികൾക്ക് ഒരുപുത്രനും ഒരു പുത്രിയു മുണ്ട്.

മൂലകുടുംബനാഥൻ ലൂക്കായുടെയും ഭാര്യ അന്നയുടെയും രണ്ടാമത്തെ മകൾ ഏലിക്കുട്ടിയെ കടപ്ലാമറ്റം എളമ്പാശ്ശേരിൽ ചെറി യാൻ മകൻ ജോസഫ് വിവാഹം കഴിച്ചു. ഏലിക്കുട്ടി - ജോസഫ് ദമ്പതികൾക്ക് നാലുപുത്രന്മാർ ജാതരായി.

മൂത്തമകൻ ജോയി കുളത്തൂർമുഴി കാഞ്ഞിരക്കാട്ടു വർക്കി - മറിയാമ്മ മകൾ മേരിക്കുട്ടിയെ പാണിഗ്രഹണം ചെയ്തു. ഈ ദാമ്പത്യബന്ധത്തിൽ അവർക്ക് മനോജ്, മഞ്ജു എന്നു രണ്ടുമക്ക ളുണ്ടായി. ജോയിയും മേരിക്കുട്ടിയും ജർമ്മനിയിൽ ഔദ്യോഗിക ജീവിതം നയിക്കുകയായിരുന്നു. ഒരു വാഹനാപകടത്തിൽ ജോയി അപമൃത്യുവിനിരയായി. തുടർന്ന് മേരിക്കുട്ടി പുനർവിവാഹിതയു മായി.

ഏലിക്കുട്ടി - ജോസ് ദമ്പതികളുടെ രണ്ടാമത്തെ മകൻ സണ്ണി മുത്തോലി വൈപ്പനയിൽ അബ്രാഹം- ഏലിയാമ്മ ദമ്പതികളുടെ പുത്രി വത്സമ്മയെ ജീവിതപങ്കാളിയായി വരിച്ചു. ഈ ദമ്പതികൾക്ക് ബ്ലസി, ബ്ലഡ്സി എന്ന രണ്ടു പുത്രിമാരാണുള്ളത്.

മൂന്നാമത്തെ പുത്രൻ ബാബു വൈക്കത്തു കമ്മട്ടിൽ തോമസ് - ത്രേസ്യാ ദമ്പതികളുടെ മകൾ ലിസ്സാമ്മയെ പരിണയിച്ചു. ഇവർ

ഇരുവരും ജർമ്മനിയിൽ ഉദ്യോഗാർത്ഥം താമസിക്കുന്നു. ലിൻസി, ജാസ്മിൻ എന്ന രണ്ടുപുത്രിമാർ ഇവർക്കുണ്ട്.

ഏലിക്കുട്ടി - ജോസഫ് ദമ്പതികളുടെ കനിഷ്ഠ പുത്രൻ രാജു എലിക്കുളം കട്ടക്കയത്തിൽ അലക്സാണ്ടർ - ഏലിയാമ്മ ദമ്പതികളുടെ പുത്രി സാലിക്കുട്ടിയെ ജീവിതപങ്കാളിയാക്കി. ഈ ദമ്പതികൾക്ക് മൂന്നുമക്കൾ: ജോസി, ജിൻസി, ജാൻസി എന്നിവരാണ്.

ഏലിക്കുട്ടിയുടെ ഭർത്താവ് കടപ്ലാമറ്റം എളമ്പാശ്ശേരിൽ ചെറിയാൻ ജോസഫ് 1993 മെയ് 12-ാം തീയതി നിര്യാതനായി.

ലൂക്കാ - അന്ന ദമ്പതികളുടെ മൂന്നാമത്തെ പുത്രി അന്നക്കുട്ടിയെ പൈക കോഴിപൂവനാനിക്കൽ ദേവസ്യാ ഏലിയാമ്മ മകൻ മാണി വിവാഹം ചെയ്തു. ഇവർക്ക് രണ്ടുപുത്രന്മാരും രണ്ടുപുത്രിമാരും ഉണ്ട്. മൂത്തമകൻ ജോയി പാലൂർകാവ് തകടിയേൽ ജോസഫ് - അന്ന മകൾ മേരിയെ വിവാഹം ചെയ്തു. ഷാജി, സജി എന്ന രണ്ടുമക്കളുണ്ട്. രണ്ടാമത്തെ മകൻ ലൂക്കാച്ചൻ കപ്പാട് താഴത്തുവീട്ടിൽ ചിന്നമ്മയെ സഹധർമ്മിണിയാക്കി. ഈ ദമ്പതികൾക്ക് ഒരു പുത്രനും മൂന്നു പുത്രിമാരുമാണ് സന്താനങ്ങൾ.

അന്നക്കുട്ടി - മാണി ദമ്പതികളുടെ മൂന്നാമത്തെ സന്താനമായ സെലിൻ ഇളങ്ങുളം ഇരുപ്പക്കാട്ടു തങ്കച്ചന്റെ ജീവിതപങ്കാളിയായി. ഈ ദമ്പതികൾക്ക് രണ്ടുപുത്രന്മാരുണ്ട്.

അന്നക്കുട്ടി - മാണി ദമ്പതികളുടെ കനിഷ്ഠ പുത്രി ലൂസിയെ മേരിലാൻഡ് കാരിയാങ്കൽ ജോസഫ് - റോസ ദമ്പതികളുടെ പുത്രൻ ജോസ് പരിണയിച്ചു. ഈ ദമ്പതികൾക്ക് ഒരാണും ഒരു പെണ്ണും മക്കളായുണ്ട്.

മൂലകുടുംബനാഥൻ ലൂക്കായുടെയും ഭാര്യ അന്നയുടെയും നാലാമത്തെ മകൾ ത്രേസ്യാമ്മയെ പൂഞ്ഞാർ പെരുമ്പള്ളിക്കുന്നേൽ മത്തായി - മറിയം മകൻ കുര്യൻ വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് നാലുപുത്രിമാരും ഒരു പുത്രനും ഉണ്ട്.

മൂത്തമകൾ ലീലാമ്മയെ നിലമ്പൂർ താന്നിക്കൽ വർഗീസ് വിവാഹം കഴിച്ചു. ഇവർ പാറ്റ്നായിൽ ജോലിയിലാണ്. ഈ ദമ്പതികൾക്ക് സ്മിത, സംഗീത എന്നുരണ്ടുപുത്രിമാരാണുള്ളത്.

ത്രേസ്യാമ്മ - കുര്യൻ ദമ്പതികളുടെ രണ്ടാമത്തെ മകൾ ഗ്രേസിയെ മൂന്നിലവ് തേങ്ങാക്കുന്നേൽ ജോസ് വിവാഹം കഴിച്ചു. ഇവർക്ക് സിജോ, സോജോ എന്നു രണ്ടു പുത്രന്മാരും സീമ എന്ന പുത്രിയും ഉണ്ട്.

ത്രേസ്യാമ്മ - കുര്യൻ ദമ്പതികളുടെ മൂന്നാമത്തെ മകൾ ജോളിയെ വാഴക്കുളം ആക്കപ്പടിക്കൽ ജിമ്മി സ്വകുടുംബിനിയാക്കി. ഇവർക്ക് രണ്ടുപുത്രന്മാരാണുള്ളത്.

ത്രേസ്യാമ്മ - കുര്യൻ ദമ്പതികളുടെ നാലാമത്തെ മകൾ ലൗലിയെ റാന്നി തോണിക്കുഴിയിൽ ജോർജിന്റെ മകൻ അബ്രഹാം വിവാഹം കഴിച്ചു. ഇവർക്കു ഒരു പുത്രിമാത്രമേയുള്ളൂ.

ത്രേസ്യാമ്മ -കുര്യൻ ദമ്പതികളുടെ ഏക പുത്രൻ ഷെക്സ് തീക്കോയി പാലിയക്കുന്നേൽ ജോസഫ് - ഏലി ദമ്പതികളുടെ പുത്രി ഷാന്റിയെ പരിണയിച്ചു. ഇവർക്ക് രണ്ടുമക്കളുണ്ട്.



**മണിയങ്ങാട്ട് കൈപ്പക്കൽ പാപ്പച്ചനും ഭാര്യയും**

ലൂക്ക (കുഞ്ഞൂഞ്ഞ്) അന്ന ദമ്പതികളുടെ അഞ്ചാമത്തെ സന്താനവും പുത്രന്മാരിൽ മൂത്തയാളുമായ അലക്സാണ്ടർ (പാപ്പച്ചൻ)

1926-ൽ ജനിച്ചു. വിദ്യാഭ്യാസാനന്തരം ചെറുവള്ളി പാമ്പൂരിക്കൽ ദുമ്മിനി - മറിയം മകൾ റോസമ്മയെ സ്വന്തം സഹധർമ്മിണിയാക്കി. ഈ ദമ്പതികൾക്ക് നാലുപുത്രന്മാരും ആറുപുത്രിമാരും ഉണ്ട്.

ഈ കുടുംബം മലബാറിൽ ചെറുപാറപ്പള്ളിക്കു സമീപത്തേക്കു താമസം മാറ്റി. അവിടെ വച്ച് പിതാവ് അലക്സാണ്ടർ 1999 ജൂൺ 4-ാം തീയതി നിദ്രയിലാണ്ടു. ചെറുപാറപ്പള്ളി സിമിത്തേരിയിൽ സംസ്ക്കരിച്ചു.

അലക്സാണ്ടർ - റോസമ്മ ദമ്പതികളുടെ പുത്രീ പുത്രന്മാരെ സംബന്ധിച്ചുള്ള വിവരങ്ങളാണ് ചുവടെ ചേർത്തിരിക്കുന്നത്.

മൂത്തമകൻ റ്റോമി 1950-ൽ ജനിച്ചു. പ്രായപൂർത്തിയായപ്പോൾ തലശ്ശേരി രൂപതയിൽപെട്ട പുവത്തുങ്കൽ തോമസ് - മറിയം മകൾ സാലിയെ സ്വകുടുംബിനിയാക്കി. ഈ ദമ്പതികൾക്ക് മനോജ്, മഞ്ജു എന്ന രണ്ടുമക്കൾ.

രണ്ടാമത്തെ സന്താനമായ അന്നമ്മയെ നിരപ്പേൽ പത്തനംതിട്ടയിൽ..... ജോൺ - മേരി മകൻ രാജു വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് രണ്ടു പെൺ മക്കളുണ്ട്.

മൂന്നാമത്തെ സന്താനമായ മേരി സന്യാസസഭയിൽ ചേർന്നു. വിജയവാഡയിൽ വച്ച് ഒരു വെള്ളപ്പൊക്കത്തിന്റെ അപകടത്തിൽപെട്ട് മൃതിയടഞ്ഞു.

നാലാമത്തെ മകൾ എൽസിയെ കോളതറ ജോസഫ് - ഏലി മകൻ വർഗീസ് വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് ജെറി എന്നൊരു പുത്രനുണ്ട്.

അഞ്ചാമത്തെ സന്താനമായ ഡൊമിനിക്ക് മണ്ണാർക്കാട്ട് മേവറ ജോസഫ് - ഏലി മകൾ ലീലാമ്മയെ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് ഒരു മകനും ഒരു മകളും സന്താനങ്ങളായുണ്ട്.

ആറാമത്തെ സന്താനമായ മരിയമ്മയെ മൂലേടത്തു കരികലത്തോട്ടത്തിൽ ജോയിച്ചൻ പാണിഗ്രഹണം ചെയ്തു. ഈ ദമ്പതികൾക്കു ഒരു പുത്രിയുണ്ട്.

ഏഴാമത്തെ സന്താനമായ മാത്തുക്കുട്ടി പാലാവയൽ എളമ്പള്ളിയിൽ സോണിയായെ വിവാഹം ചെയ്തു. എട്ടാമനായ അലക്സ് നെല്ലിക്കുറ്റിയിൽ അറയ്ക്കപ്പറമ്പിൽ മിനിയെ വിവാഹം കഴിച്ചു.

ഒൻപതാമത്തെ സന്താനമായ മിനി മുന്തിരങ്ങാട്ടുകുന്നേൽ സിബിയെ കണവനായി വരിച്ചു. ഈ കുടുംബവും പുലിക്കുരുമ്പ യിൽ താമസിക്കുന്നു.

അലക്സാണ്ടർ - റോസമ്മ ദമ്പതികളുടെ പത്താമത്തെ സന്താനമായ കുഞ്ഞുമോൾ ചിറ്റിലക്കാട്ട് ചിറ്റടിയിൽ റോസിയെ വിവാഹം കഴിച്ചു.




**ലൂക്കാ തോമസ്    റോസമ്മ തോമസ്**

ലൂക്കാ - അന്ന ദമ്പതികളുടെ ആറാമത്തെ സന്താനമായ തോമസ് 1935-ൽ ജനിച്ചു. പ്രായപൂർത്തിവന്നപ്പോൾ കപ്പാടു കോഴിമല ചാക്കോ - ഏലിമകൾ റോസമ്മയെ 1958-ൽ വിവാഹം കഴിച്ചു. ഈ ദമ്പതികൾക്ക് അഞ്ചുസന്താനങ്ങൾ ജാതരായി. അഞ്ച് ആണുങ്ങൾ.



**കൈപ്പയ്ക്കൽ ജോഷിയും കുടുംബവും**

ഇവരിൽ മൂത്തവനായ ജോഷി 1959-ൽ ജനിച്ചു. വിളക്കുമാടം പുത്തൻപുരയ്ക്കൽ ജോൺ-ഏലി മകൾ ആനിയെ യഥാകാലം വിവാഹം ചെയ്തു. ഈ ദമ്പതികൾക്ക് അഷ്‌വിൻ (1986-ൽ ജനനം) ജോൺ, (അലക്സ്) (1992-ൽ ജനനം) എന്ന രണ്ടുപുത്രന്മാരുണ്ട്. ഈ കുടുംബം പൈകയിൽ താമസിക്കുന്നു.



**മണിയങ്ങാട്ട് കൈപ്പയ്ക്കൽ ചാക്കോച്ചനും കുടുംബവും**

തോമസ് - റോസമ്മ ദമ്പതികളുടെ രണ്ടാമത്തെ പുത്രൻ ചാക്കോച്ചൻ 1961-ൽ ഭൂജാതനായി. ഉള്ളനാട് കുറ്റിക്കാട്ടിൽ ജോസഫ് - റോസ മകൾ ആൻസിയാണ് ജീവിതപങ്കാളി. ഈ ദമ്പതികൾക്ക് രണ്ടുമക്കൾ. മൂത്ത മകൻ ഷെറിൻ 1989-ൽ ജനിച്ചു. പുത്രി 1991-ലും ജാതയായി. ഷിൻസി എന്നാണ് പേര്.



**മണിയങ്ങാട്ട് ജോജി തോമസും കുടുംബവും**

തോമസ് - റോസമ്മ ദമ്പതികളുടെ മൂന്നാമത്തെ മകൻ ജോജി 1964-ൽ ജനിച്ചു. മല്ലികശ്ശേരി തെക്കേക്കുറ്റു സെബാസ്ത്യൻ-റോസമ്മ മകൾ ലൗലിയെ ജോജി വിവാഹം കഴിച്ചു. ഇവർക്ക് 4 മക്കൾ- നിഥിൻ, മിഥുൻ, ജിതിൻ, ജിബിൻ.



**മണിയങ്ങാട്ട് കൈപ്പയ്ക്കൽ ജോസുകുട്ടിയും കുടുംബവും**

നാലാമത്തെ മകൻ ജോസുകുട്ടി 1966 ൽ ജനിച്ചു. കുറിച്ചിത്താനം പകലോമറ്റം ജോസഫ് ചിന്നമ്മ മകൾ ജിജിയെ വധുവായി സ്വീകരിച്ചു. മക്കൾ അലീനാ, റ്റിബിൻ.



**മണിയങ്ങാട്ട് കൈപ്പക്കൽ അലക്സും കുടുംബവും**

തോമസ് - റോസമ്മ ദമ്പതികളുടെ ഇളയപുത്രൻ അലക്സ് 1968-ൽ ജനിച്ചു. കുമളി ആലഞ്ചേരി ചാക്കോയുടെ മകൾ ത്രേസ്യാമ്മയാണ് സഹധർമ്മിണി.

പിതാവ് തോമസ് 67-ാം വയസിൽ 2002 ആഗസ്റ്റ് 24-ാം തീയതിയും മാതാവ് - റോസമ്മ 58-ാം വയസ്സിൽ 1995 നവംബർ 15-ാം തീയതി അന്തരിച്ചു. മൃതദേഹസംസ്കാരം യഥാവിധി മണലുങ്കൽ സെന്റ് മേരീസ് പള്ളി സിമിത്തേരിയിലെ കുടുംബകല്ലറയിൽ നടത്തപ്പെട്ടു.

